കളുടെ നിർമ്മാണം, വാട്ടർ സ്പോർട്സ് കോംപ്ലക്സ്, ടൂറിസ്റ്റ് റിസപ്ഷൻ കേന്ദ്രങ്ങൾ, വിവിധ മേളകൾ എന്നിവയ്ക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്.

പൊതുവിതരണ സമ്പ്രദായത്തിന് വിഘാതമുണ്ടാക്കുന്ന നടപടി

13 (*163)ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പൊതുവിതരണ സമ്പ്രദായത്തിൽ വിഘാതമുണ്ടാക്കുന്ന നടപടികൾ കേന്ദ്ര സർക്കാരിൽ നിന്ന് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഭക്ഷ്യ സബ്സിഡി വെട്ടിക്കുറയ്ക്കാനുള്ള നീക്കത്തിനെതിരെ എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) 31.1.2000-ന് ബാംഗ്ളൂരിൽ വിളിച്ചുകൂട്ടിയ ദക്ഷിണമേഖലാ ഭക്ഷ്യ വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിൽ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള വരെ റേഷൻ വിതരണത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി താഴെയുള്ളവരുടെ വിഹിതം 20 കിലോ ആയി വർദ്ധിപ്പിക്കുകയോ അല്ലെങ്കിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിഹിതം വർദ്ധിപ്പിച്ച് ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ള കുടുംബങ്ങൾക്ക് ഇതിന് ആനുപാതികമായ കുറവ് വരുത്തുകയോ അതുമല്ലെങ്കിൽ 'ദാരിദ്ര്യരേഖയ്ക്ക്' മുകളിലുള്ളവരെ പൊതു വിതരണത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കി, കേന്ദ്ര വിൽപ്പനവില വർദ്ധിപ്പിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പ്രതിമാസം 25 കിലോ അരി നൽകുമോ എന്നിങ്ങനെ വിവിധ നിർദ്ദേശങ്ങൾ കേന്ദ്ര ഭക്ഷ്യമന്ത്രാലയം ഉന്നയിച്ചിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഈ നിർദ്ദേശങ്ങളോടുള്ള സംസ്ഥാന ഗവൺമെന്റിന്റെ ശക്തമായ എതിർപ്പ് പ്രസ്തുത സമ്മേളനത്തിൽ വെച്ചുതന്നെ കാര്യകാരണ സഹിതം വ്യക്തമാക്കുകയുണ്ടായി.

(ബി) ഭക്ഷ്യ സബ്സിഡി വെട്ടിക്കുറയ്ക്കാൻ കേന്ദ്രം തീരുമാനമെടുക്കുന്നപക്ഷം സാധാരണ ജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് ആവശ്യം വേണ്ടുന്ന ഭക്ഷ്യധാന്യം ലഭ്യമാക്കാൻ ഫലപ്രദമായ നടപടികൾ പരമാവധി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly